# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6177** **04/07/2019 ൽ മറുപടിക്ക്**

## കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ. ഡി. കെ. മുരളി | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം വരാത്ത രീതിയിൽ കശുവണ്ടി ഫാക്ടറികളെ ആധുനികവൽക്കരിച്ച് കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ ഭാഗികമായ യന്ത്രവൽക്കരണവും, ആധുനിക വൽക്കരണവും നടത്തി വരികയാണ്. ഫാക്ടറി ഷെഡുകളിൽ ഷെല്ലിംഗ് സെക്ഷനുകളിൽ ആവശ്യാനുസരണം കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. പീലിംഗ് ടേബിൾ. ഗ്രേഡിംഗ് ടേബിൾ മുതലായവ ആവശ്യാനുസരണം പീലിംഗ് സെക്ഷനിലും, ഗ്രേഡിംഗ് സെക്ഷനിലും നൽകുന്നതിനുള്ള നടപടികൾ കാപെക്സ് സ്വീകരിച്ചു വരികയാണ്. ആയതുപോലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, തൊഴിലാളികൾക്ക് മെച്ചപ്പെട്ട അന്തരീക്ഷം ഉണ്ടാകുന്നതിനും ആധുനിക സൗകര്യങ്ങളോടു കൂടിയ വിശ്രമമുറികളും ടോയ്‌ലറ്റുകളും നിർമ്മിച്ചു വരികയാണ്.<br>അടിസ്ഥാന സൗകര്യ വികസനം കോർഷറേഷൻ ഫാക്ടറികളുടെ നവീകരണം എന്നിവക്കായി ഈ ഗവൺമെന്റ് 2017-18 ബഡ്ജറ്റിൽപ്പെടുത്തി 40 കോടി രൂപാ കശുവണ്ടി വികസനകോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുള്ളതിൽ 12 കോടി രൂപാ വിനിയോഗിച്ചുള്ള നിർമ്മാണ നവീകരണ പ്രവർത്തികളാണ് കോർപ്പറേഷനിൽ ഇപ്പോൾ പൂർത്തിയായി വരുന്നത്. പുതിയ ഷെഡുകളോടെ |

സ്ഥാപനം ആധുനിക രീതിയി ലുള്ള ഫില്ലിംഗ് പാക്കിംഗ് സെന്ററുകൾ, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം. ഇതിനാവശ്യമായ പരിശീലനം തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ആധുനിക സൗകര്യങ്ങളോട് കൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ശൗചാലയങ്ങൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാനുകൾ കാഷ്യൂ പാർക്ക്. സിസി ടിവി സർവെയലൻസ് ക്യാമറ, ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം, ചുട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്ക് ഡൈനിംഗ് ഹാൾ ക്യാന്റീൻ തൊട്ടിപ്പുര, വായനാ മുറി, ഷെഡുകളിൽ ആവശ്യാനുസരണം ഫാനുകൾ. തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയാണ് നവീകരിച്ച കാഷ്യൂ ഫാക്ടറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ. കൂടാതെ കോർപ്പറേഷനിൽ ഫുൾ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ കെൽട്രോണുമായി ബന്ധപ്പെട്ട് നടന്ന് വരികയാണ്. കൂടാതെ കശുവണ്ടി വികസന കോർഷറേഷൻ ഫാക്ടറികളിൽ ഭാഗീക യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കട്ടിംഗിൽ പുതിയ തൊഴിലാളികളെ എടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ടെസ്റ്റ് വർക്ക് നടത്തിയിട്ടുള്ളതും ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കട്ടിംഗിലേക്ക് പരമാവധി തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്കത്തരത്തിൽ ഇതിനനുസരണമായി പീലിംഗ് ഗ്രേഡിംഗ് സെക്ഷനുകളിലും ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിക്കാനാണ്

ഉദ്ദേശിക്കുന്നത്.

| | |
|---|---|
| (ബി) കശുവണ്ടിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 2019-20 കാലയളവിൽ വൈവിധ്യങ്ങളായ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുവാനുള്ള നടപടികൾ കാപെക്സ് സ്വീകരിച്ച് വരികയാണ്.<br>കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവ് കർഷകർക്ക് കാർഷിക സർവ്വകലാശാലയുടെ കാഷ്യൂ റിസർച്ച് സ്റ്റേഷൻ മാടക്കത്തറ, തൃശ്ശൂർ സ്റ്റേഷനുമായി ബന്ധപ്പെട്ട് കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരിശീലനം നൽകി വരുന്നു.<br>കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിധ്യ വൽക്കരണം ലക്ഷ്യമിട്ട് കശുവണ്ടി പ പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സ്ക്വാഷ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവ ഉൽപ്പാദിപ്പിച്ച് കശുവണ്ടി വികസനകോർപ്പറേഷൻ വിപണനം നടത്തി വരുന്നു. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ സോഡാ, കാഷ്യൂ പൈൻ ജ്യാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും കാഷ്യൂ സ്ക്വാഷ്, കാഷ്യൂ വിറ്റാ എന്നിവ ചൂടോടെ അപ്പപ്പോൾ ഉപയോഗിക്കാവുന്ന വിധത്തിലും വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്. കൂടാതെ കേരളാ ബ്രാൻഡ് ജംബോ സൈസ് കശുവണ്ടി പരിപ്പ് കമ്പോളത്തിൽ ഇറക്കിയിട്ടുള്ളതാണ്. കശുവണ്ടി പരിപ്പിന്റേയും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടേയും ആദ്യന്തര വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ്ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടി പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായ തരത്തിൽ |

മെച്ചപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തിരം കശുവണ്ടി പരിപ്പിന്റേയും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും വിപണനം നടത്തി വരുന്നു.

(സി) ഇതിനായി സ്വയം സഹായ സംഘങ്ങൾ മുഖേന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ സ്വയം സഹായ സംഘങ്ങൾ മുഖേന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട പൊതുമേഖലാസ്ഥാപനമാണ് തീരുമാനമെടുക്കേണ്ടത്.

(ഡി) വിദേശരാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് രൂപീകരിച്ച കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ എത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) വിദേശ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന പ്രവർത്തനം കേരള കാഷ്യൂ ബോർഡ് തൃപ്തികരമായി നിർവഹിച്ചുവരുന്നു. കാഷ്യൂ ബോർഡ് ഇതിനകം 17000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വിതരണം ചെയ്തിട്ടുണ്ട്. ഗിനി ബിസാവുവിൽ നിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് ഗവൺമെന്റ്-ടു-ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ടു സംഭരിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ഐവറി കോസ്റ്റിലെ കോട്ടൺ & കാഷ്യൂ കൗൺസിലുമായി കേരള കാഷ്യൂ ബോർഡ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

കേരളാ കാഷ്യൂ ബോർഡിന്റെ രൂപീകരണത്തോടെ അന്താരാഷ്ട്ര മാർക്കറ്റിലെ കുറഞ്ഞ വിലയ്ക്ക് കേരളത്തിൽ തോട്ടണ്ടി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി പരിപ്പിന് പരമാവധി വില ലഭ്യമാക്കുന്നതിനുള്ള ശ്രമവും ബോർഡ് മുഖാന്തിരം ആരംഭിച്ചിട്ടുണ്ട്.

Radhakrishnan

സെക്ഷൻ ഓഫീസർ